"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

കൃഷി വകുപ്പ്- ശ്രീമതി.നസീമ.കെ.കെ. ഫയൽ ചെയ്ത OA(EKM)1216/2023 നമ്പർ കേസിന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് പാലിച്ച് ഉത്തരവാകുന്നു.

---

### കൃഷി (ഇഎ) വകുപ്പ്

സ.ഉ.(സാധാ) നം.774/2023/AGRI തീയതി,തിരുവനന്തപുരം, 05-08-2023

---

പരാമർശം:-

1. ബഹു. കേരള അഡ്മിനിസ്ട്രേറീവ് ട്രൈബ്യൂണലിന്റെ 1216/2023നമ്പർ കേസിന്മേലുള്ള 22/06/2023 ലെ ഉത്തരവ്.
2. സ.ഉ.(സാധാ) നം 693/2023/കൃഷി തീയതി 17/07/2023
3. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 20/07/2023 ലെ ADFW/6257/2023-SB1 നമ്പർ കത്ത്.

## ഉത്തരവ്

കോഴിക്കോട് ജില്ലയിലെ കൃഷി ഡെപ്യൂട്ടി ഡയറക്ടറുടെ ഒഴിവിൽ പ്രൊമോഷൻ നൽകി നിയമനം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് കൃഷി അസിസ്റ്റന്റ് ഡയറക്ടറായിരുന്ന ശ്രീമതി.നസീമ.കെ.കെ. ഫയൽ ചെയ്ത OA(EKM)1216/2023 കേസിന്മേലുള്ള പരാമർശം (1) പ്രകാരമുള്ള ഇടക്കാല ഉത്തരവിൽ ടിയാളെ കോഴിക്കോട് നിലവിലുള്ള ഒഴിവിൽ ഒരാഴ്ചയ്ക്കകം നിയമിക്കണമെന്ന് ഉത്തരവായിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കാർഷിക വികസന കർഷകക്ഷേമ വകുപ്പിലെ ചുവടെ പറയുന്ന കൃഷി ഡെപ്യൂട്ടി ഡയറക്ടർമാരിൽ ക്രമ നം. (1) നെ പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിലും, ക്രമ നം. (2) നെ ഭരണ സൗകര്യാർത്ഥവും അവരുടെ പേരിന് നേരെ സൂചിപ്പിച്ചിരിക്കുന്ന തസ്തികയിൽ സ്ഥലംമാറ്റി നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേരും നിലവിലെ തസ്തികയും | സ്ഥലംമാറ്റം നൽകി നിയമിക്കുന്ന തസ്തിക/ഓഫീസ് |
|---|---|---|
| 1 | നസീമ.കെ.കെ, കൃഷി ഡെപ്യൂട്ടി ഡയറക്ടർ (WM), പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസ്, മലപ്പുറം | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഇ &റ്റി), കോഴിക്കോട് |
| 2 | ശ്രീകുമാരി.പി.കെ, കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഇ &റ്റി), കോഴിക്കോട് | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (NWDPRA), പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസ്, പാലക്കാട് |

പരാമർശം (1) ഉത്തരവ് ഇതിനാൽ പാലിക്കപ്പെട്ടിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ് സാബിർ ഹുസൈൻ**

അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം
ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ് തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മുഖേന)
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (EA1/159/2023/AGRI)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ